Draft #2 of File 84944/AC A1-1/2021/REG SECT Approved by ASSISTANT REGISTRAR I (ACADEMIC) on 29-Sep-2021 03:36 PM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**<u>സംഗ്രഹം</u>**

2020-21 അദ്ധ്യയന വർഷം ന്യൂ ജനറേഷൻ/ഇന്റർഡിസിപ്ലിനറി പ്രോഗ്രാമുകൾക്ക് അഫിലിയേഷൻ നൽകിക്കൊണ്ട് പുറപ്പെടുവിച്ച നം. 1443/ACA1/2021/എം.ജി.യു. തീയതി. 09.03.2021 ആയ ഉത്തരവ് - ഭേദഗതി വരുത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് എ 1 സെക്ഷൻ**

നമ്പർ. 5125/AC A 1/2021/എം.ജി.യു  പ്രിയദർശിനി ഹിൽസ്,തീയതി: 01.10.2021

---

*പരാമർശം:*-1. സർവ്വകലാശാല ഉത്തരവ് നം. 1443/ACA1/2021/എം.ജി.യു. തീയതി. 09.03.2021

2. കത്ത് നം. AC/NEW-GEN-AFF/2021 തീയതി. 04.06.2021

3. 02.09.2021തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് യോഗത്തിന്റെ മിനിറ്റ്സ് ഇനം .നം. 77/21.04/84944/ACA1-1/2021/REG SECT

**<u>ഉത്തരവ്</u>**

അക്വിനാസ് കോളേജ്, ഇടക്കൊച്ചി, എം.ഇ.എസ്. കോളേജ് നെടുങ്കണ്ടം, അൽ-അമീൻ കോളേജ് എടത്തല, ശ്രീ നാരായണ ആർട്സ്&സയൻസ് കോളേജ്, കുമരകം, സെന്റ്.തോമസ് കോളേജ്, റാന്നി, സെന്റ് മേരീസ് കോളേജ്, മണർകാട് എന്നീ കോളേജുകളിൽ ന്യൂ ജനറേഷൻ/ഇന്റർഡിസിപ്ലിനറി പ്രോഗ്രാമുകൾക്ക് 2020-21 വർഷം മുതൽ അഞ്ച് വർഷത്തേയ്ക്ക് താൽകാലിക അഫിലിയേഷൻ നൽകിക്കൊണ്ട് പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

ടി ഉത്തരവിൽ പരാമർശിച്ചിരിക്കുന്ന അഞ്ച് വർഷത്തേക്കുള്ള താൽകാലിക അഫിലിയേഷൻ എന്ന വ്യവസ്ഥ ഒഴിവാക്കി നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് അക്വിനാസ് കോളേജ് മാനേജർ പരാമർശം (2) പ്രകാരം അപേക്ഷ സമർപ്പിക്കുകയുണ്ടായി.

പരാമർശം (3) പ്രകാരം കൂടിയ സിൻഡിക്കേറ്റ് യോഗം, അക്വിനാസ് കോളേജ് മാനേജരുടെ അപേക്ഷ പരിഗണിച്ചുകൊണ്ട്, 2020-21 അദ്ധ്യയന വർഷം സർക്കാർ അനുവദിച്ച ന്യൂ ജനറേഷൻ പ്രോഗ്രാമുകൾക്ക് അഫിലിയേഷൻ നൽകിക്കൊണ്ടുള്ള നം. 1443/ACA1/2021/എം.ജി.യു. തീയതി. 09.03.2021 എന്ന ഉത്തരവിൽ സൂചിപ്പിച്ചിരിക്കുന്ന "അഞ്ച് വർഷത്തേയ്ക്ക് താൽകാലിക അഫിലിയേഷൻ നൽകുന്നതിന്" എന്ന ഭാഗം "അഫിലിയേഷൻ നൽകുന്നതിന്" എന്നാക്കി മാറ്റി ഉത്തരവ് പുറപ്പെടുവിക്കുവാൻ തീരുമാനിച്ചു".

സർവ്വകലാശാല ഉത്തരവ് നം.1443/ACA1/2021/എം.ജി.യു. തീയതി. 09.03.2021 ഇതിനാൽ ഭേദഗതി ചെയ്യിരിക്കുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

കാഞ്ചന എൻ നായർ

അസിസ്റ്റന്റ് രജിസ്ട്രാർ 1 (അക്കാദമിക്)

രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. പ്രിൻസിപ്പൽ/മാനേജർ, അക്വിനാസ് കോളേജ്, ഇടക്കൊച്ചി
2. ബന്ധപ്പെട്ട കോളേജുകൾ
3. വൈസ് ചാൻസലർ/പ്രോ വൈസ് ചാൻസലർ എന്നിവരുടെ പി.എസ് മാർ
4. രജിസ്ട്രാർ/ഫിനാൻസ് ഓഫീസർ/പരീക്ഷ കൺട്രോളർ എന്നിവരുടെ പി.എ.മാർ
5. ജെ.ആർ II(അഡ്മിൻ)/ഡി.ആർ 1/എ. ആർ 1 (അക്കാദമിക് വിഭാഗം)
6. കണ്ടന്റ് മാനേജ്മെന്റ് സെക്ഷൻ/ഐ.ക്യു.എ.സി./എ.ടി.ആർ.
7. എസി എ1/ എസി സി1/എസി സി2
8. സിറ്റാഡ്/ യൂണിവേഴ്സിറ്റി വെബ് സൈറ്റ്
9. കരുതൽ ഫയൽ/ഫയൽ കോപ്പി/റെക്കോർഡ്സ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #2 of File 84944/AC A1-1/2021/REG SECT Approved by ASSISTANT REGISTRAR I (ACADEMIC) on 29-Sep-2021 03:36 PM - Page 2